# റമദാൻ: മഹത്വവും വിധികളും

ഷംസുദ്ദീൻ പാലത്ത്

ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ ഒന്നാണ് റമദാനിലെ വ്രതം. മറ്റു മാസങ്ങളെ അപേക്ഷിച്ച് വിശുദ്ധറമദാനിന് ധാരാളം സവിശേഷതകളുണ്ട്. സത്യവിശ്വാസികൾ റമദാനിനെ ആഹ്ളാദത്തോടെ വരവേൽക്കുന്നത് മറ്റൊന്നു കൊണ്ടുമല്ല. അളവറ്റ പുണ്യം കരസ്ഥാക്കാനും അതിലുപരി പാപങ്ങൾ മുഴുവനും മായ്ക്കപ്പെടാനുമുള്ള സുവർണ്ണാവസരമാണ് റമദാൻ.

നബി(ﷺ) പറഞ്ഞതായി ഇബ്നു ഉമർ(ؓ) നിവേദനം:

بنِي الْإسلَام علَى خمسة علَى أَنْ يوحد الله وإقَامِ الصلَاة وإيتاءِ الزكَاة وصيامِ رمضانَ والْحج (صحيح مسلم)

'ഇസ്‌ലാം അഞ്ചു കാര്യങ്ങളിലാണ് പടുത്തുയർത്തപ്പെട്ടത്. ആരാധനകൾ അല്ലാഹുവിനു മാത്രം സമർപ്പിക്കുക, നമസ്കാരം നിലനിറുത്തുക, സകാത്ത് നൽകുക, റമദാനിൽ വ്രതമനുഷ്ഠിക്കുക, ഹജ്ജു നിർവഹിക്കുക എന്നിവയാണവ.'

**തൗഹീദിന്റെ പ്രഖ്യാപനം**

തൗഹീദിലധിഷ്ഠിതമായ അനുഷ്ഠാനമാണ് റമദാനിലെ നോമ്പ്. അല്ലാഹുവിന്നു വേണ്ടിയാണ് സത്യവിശ്വാസിയായ നോമ്പുകാരൻ കാമവും ആഗ്രഹാഭിലാഷങ്ങളും തടഞ്ഞതും അന്നപാനീയങ്ങൾ വർജ്ജിച്ചതും. അതുകൊണ്ടു തന്നെ നോമ്പിനുള്ള പ്രതിഫലം അളവറ്റതും സവിശേഷതയുള്ളതുമാണ്. അബൂഹുറൈറ(ؓ) നിവേദനം ചെയ്ത ഖുദ്സിയായ ഒരു ഹദീഥിൽ അല്ലാഹു വ്യക്തമാക്കുന്നതിങ്ങനെയാണ്:

عن أَبِي هريرةَ عن النبِي صلى الله علَيه وسلم قَالَ يقُولُ الله عز وجل الصوم لي وأَنا أَجزِي بِه يدع شهوته وأَكْلَه وشربه من أَجلي والصوم جنةٌ وللصائمِ فَرحتان فَرحةٌ حين يفْطر وفَرحةٌ حين يلْقَى ربه ولَخلُوف فَمِ الصائمِ أَطْيب عند الله من رِيحِ الْمسك (صحيح البخاري)

'അല്ലാഹു പറയുന്നു: നോമ്പ് എനിക്കുള്ളതാണ്. ഞാനാണ് അതിന് പ്രതിഫലം നൽകുന്നത്. എന്റെ കാരണത്താൽ അവൻ അവന്റെ കാമവും തീറ്റിയും കുടിയും ഉപേക്ഷിക്കുന്നു. നോമ്പ് പരിചയാണ്. നോമ്പുകാരനു രണ്ടു സന്തോഷമുണ്ട്. ഒരു സന്തോഷം നോമ്പു മുറിക്കുന്ന സമയത്ത്. മറ്റൊരു സന്തോഷം അവൻ അവന്റെ രക്ഷിതാവിനെ കണ്ടു മുട്ടുമ്പോൾ. നോമ്പുകാരന്റെ വായിന്റെ ഗന്ധം അല്ലാഹുവിന്റെയരികിൽ കസ്തൂരിയുടെ ഗന്ധത്തേക്കാൾ സുഗന്ധപൂരിതമാണ്'.

നോമ്പിനെക്കുറിച്ചുള്ള വിവരണങ്ങൾക്കിടെ അല്ലാഹു വ്യക്തമാക്കുന്നതു കാണുക:

وإِذَا سأَلَك عبادي عني فَإِني قَرِيب أُجِيب دعوةَ الداعِ إِذَا دعانِ فَلْيستجِيبوا لي ولْيؤمنوا بِي لَعلَّهم يرشدونَ [البقرة/186]

‘നിന്നോട് എന്റെ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്നു പറയുക). പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്. അതുകൊണ്ട് എന്റെ ആഹ്വാനം അവർ സ്വീകരിക്കുകയും എന്നിൽ അവർ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴി പ്രാപിക്കുവാൻ വേണ്ടിയാണിത്’.

സൃഷ്ടികളെ വിളിച്ചുപ്രാർത്ഥിക്കുന്നവരുടെ നോമ്പ് അല്ലാഹു ഒരിക്കലും സ്വീകരിക്കുകയില്ലെന്നു സാരം. അത്തരം ശിർക്കൻ പ്രവൃത്തികൾ ചെയ്യുന്നവർക്ക് അല്ലാഹു പാപമോചനം നൽകുകയോ അവരുടെ ഏതെങ്കിലും കർമങ്ങൾ അവൻ ഒരിക്കലും സ്വീകരിക്കുകയോ ചെയ്യില്ലെന്നും വ്യക്തമാണ്. ശിർക്കു ചെയ്യുന്നവന്ന് സ്വർഗം തടയുമെന്നും അവന്റെ കർമങ്ങൾ നിഷ്ഫലമായിപ്പോവുക തന്നെ ചെയ്യുമെന്നും നരകമാണ് അവന്റെ സങ്കേതമെന്നും വിശുദ്ധ ക്വുർആൻ അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. (5:72, 39:65)

റമദാനിലാണ് ചരിത്രപ്രസിദ്ധമായ ബദ്ർയുദ്ധം നടന്നിട്ടുള്ളത്. തൗഹീദും ശിർക്കും തമ്മിലുള്ള ഏറ്റമുട്ടലിന്റെ സുവർണ അധ്യായമാണ് ബദ്ർ. എന്തിനു വേണ്ടിയാണോ ബദ്ർ നടന്നത് അക്കാര്യം തന്നെ അറിയാത്ത മട്ടിൽ പരിശുദ്ധമായ റമദാനിൽപ്പോലും അനുസ്മരണത്തിന്റെ പേരിൽ ബദ്‌രീങ്ങളെത്തന്നെ വിളിച്ചു പ്രാർത്ഥിക്കുന്ന പ്രത്യക്ഷമായ ശിർക്കൻ പ്രവർത്തനങ്ങൾ പലയിടത്തും വ്യാപകമാണ്. അത്തരം തിന്മകളോടു സഹകരിക്കുന്നവർ അല്ലാഹുവിന്റെ താക്കീതുകൾ ശ്രദ്ധിക്കണമെന്നാണ് ഉണർത്താനുള്ളത്.

وما أُمروا إلا ليعبدوا الله مخلصين له الدين حنفاَءَ ويقيموا الصلَاةَ ويؤتوا الزكَاةَ وذَلك دين الْقَيمة

[البينة/5]

‘കീഴ്‌വണക്കം അല്ലാഹുവിനു മാത്രമാക്കിക്കൊണ്ട് ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനും നമസ്കാരം നിലനിറുത്തുവാനും സകാത്ത് നൽകുവാനുമല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല. അതത്രെ നേരായ മതം’.

**സവിശേഷതകളും ശ്രേഷ്ഠതകളും**

റമദാനിന്റെ മഹത്തായ സവിശേഷതകളെ സംബന്ധിച്ച് സത്യവിശ്വാസി അശ്രദ്ധനാകാൻ പാടില്ല. വിശുദ്ധക്വുർആൻ അവതീർണ്ണമായ മാസമാണ് റമദാൻ.

شهر رمضانَ الذي أُنزِلَ فيه الْقُرآنُ هدى للناسِ وبينات من الْهدى والْفُرقَان فَمن شهد منكُم الشهر فَلْيصمه [البقرة/185]

‘ജനങ്ങൾക്ക് സന്മാർഗവും സന്മാർഗത്തിൽ നിന്നും സത്യാസത്യവിവേചനത്തിൽ നിന്നുള്ള വിവേചനവുമായി ക്വുർആൻ അവതീർണ്ണമായ റമദാൻ മാസം, നിങ്ങളിലാരെങ്കിലും ഈ മാസത്തിൽ സാക്ഷ്യം വഹിച്ചാൽ അവൻ നോമ്പനുഷ്ഠിച്ചു കൊള്ളട്ടെ’.

ക്വുർആനിന്റെ അവതീർണ്ണമാസമാണെന്നതിനു പുറമേ പുണ്യം ചെയ്യുന്നവരുടെ പൂക്കാലം കൂടിയാണ് റമദാൻ. നബി(ﷺ) വ്യക്തമാക്കിയതു കാണുക:

عن أَبِي هريرةَ قَالَ قَالَ رسولُ الله صلى الله علَيه وسلم يبشر أَصحابه قَد جاءَكُم شهر رمضانَ شهر مبارك افْترض الله علَيكُم صيامه يفْتح فيه أَبواب الْجنة ويغلَق فيه أَبواب الْجحيمِ وتغل فيه الشياطين فيه لَيلَةٌ خير من أَلْف شهرٍ من حرِم خيرها فَقَد حرِم (مسند أحمد)

‘അബൂഹുറൈറ(ﷺ)വിൽ നിന്നു നിവേദനം: റസൂലുല്ലാഹി(ﷺ) തന്റെ അനുചരന്മാരെ സന്തോഷവാർത്ത അറിയിച്ചു കൊണ്ടു പറഞ്ഞു: നിങ്ങൾക്ക് റമദാൻ മാസം ആഗതമായിരിക്കുന്നു. അനുഗൃഹീതമായ മാസം. അതിന്റെ വ്രതം അല്ലാഹു നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. അതിൽ സ്വർഗകവാടങ്ങൾ തുറക്കപ്പെടും. നരകകവാടങ്ങൾ

കൊട്ടിയടക്കപ്പെടും. പിശാചുക്കൾ ചങ്ങലക്കിടപ്പെടും. അത് ആയിരം മാസത്തേക്കാൾ ഉത്തമമായ രാത്രിയാണ്. അതിന്റെ നന്മ ആർക്ക് തടയപ്പെട്ടുവോ അവൻ തടയപ്പെട്ടവനായി'.

മറ്റൊരിക്കൽ നബി(ﷺ) പറഞ്ഞു:

تغلق فيه أبواب النارِ وتفَتح فيه أبواب الْجنة وتصفد فيه الشياطين قَالَ وينادي فيه ملَك يا باغي الْخيرِ أبشر يا باغي الشر أَقْصر حتى ينقَضي رمضانُ (مسند أحمد)

'നരകകവാടങ്ങൾ കൊട്ടിയടക്കപ്പെടും. സ്വർഗകവാടങ്ങൾ തുറക്കപ്പെടും. പിശാചുക്കൾ ചങ്ങലക്കിടപ്പെടും.ഒരു മലക്കു വിളിച്ചു പറയും: നന്മ തേടുന്നവരേ, സന്തോഷിക്കുക. തിന്മ തേടുന്നവരേ നിറുത്തുക. റമദാൻ കഴിയുന്നതു വരെ (ഇതു പറയുന്നതു തുടരും)'.

عن أَبِي هريرةَ رضي الله عنه قَالَ قَالَ رسولُ الله صلى الله علَيه وسلم من آمن بِالله وبِرسوله وأَقَام الصلَاةَ وصام رمضانَ كَانَ حقا علَى الله أَنْ يدخلَه الْجنةَ (صحيح البخاري)

'ആരെങ്കിലും അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുകയും നമസ്കാരം നിലനിറുത്തുകയും റമദാനിലെ നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നുവെങ്കിൽ അവനെ സ്വർഗത്തിൽ പ്രവേശിപ്പിക്കുകയെന്നത് അല്ലാഹുവിന്റെ ബാധ്യതയാണ്'.

**പാപമോചനം**

പാപമോചനത്തിന്റെ മാസമാണ് റമദാൻ. ഓരോ നോമ്പുകാരനും റമദാനിൽ ഏറ്റവും പ്രാധാന്യം നൽകുന്നത് തന്റെ പാപങ്ങൾക്ക് പൊറുക്കലിനെ തേടാനും തൗബ ചെയ്യാനുമായിരിക്കണം. ഉണങ്ങിയ മരത്തിന്റെ ഇലകൾ കൊഴിഞ്ഞു വീഴുന്ന മട്ടിൽ നോമ്പുകാരന്റെ പാപങ്ങൾ അവനിൽ നിന്ന് കൊഴിഞ്ഞു പോകാൻ റമദാൻ നോമ്പ് കാരണമാകും.

عن أَبِي هريرةَ أَن رسولَ الله صلى الله علَيه وسلم كَانَ يقُولُ الصلَوات الْخمس والْجمعةُ إِلَى الْجمعة ورمضانُ إِلَى رمضانَ مكَفرات ما بينهن إِذَا اجتنب الْكَبائر (صحيح مسلم)

'നബി(ﷺ) പറയാറുണ്ടായിരുന്നു: അഞ്ചു നേരത്തെ നമസ്കാരങ്ങൾ, ഒരു ജുമുഅ മുതൽ അടുത്ത ജുമുഅ വരെ, ഒരു റമദാൻ മുതൽ അടുത്ത റമദാൻ വരെ ഇവയെല്ലാം അവക്കിടയിലുള്ള (തെറ്റുകുറ്റങ്ങളെ) മായ്ച്ചു കളയുന്നവയാകുന്നു; അവൻ വൻപാപങ്ങൾ വർജ്ജിക്കുകയാണെങ്കിൽ'.

عن أَبِي هريرةَ قَالَ قَالَ رسولُ الله صلى الله علَيه وسلم من صام رمضانَ إِيمانا واحتسابا غُفر لَه ما تقَدم من ذَنبِه (صحيح البخاري)

'ആരെങ്കിലും സത്യവിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും റമദാനിലെ നോമ്പനുഷ്ഠിക്കുകയാണെങ്കിൽ അവന്ന് അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പെറുക്കപ്പെട്ടു'.

عن أَبِي هريرةَ أَن رسولَ الله صلى الله علَيه وسلم قَالَ من قَام رمضانَ إِيمانا واحتسابا غُفر لَه ما تقَدم من ذَنبِه (صحيح البخاري)

'ആരെങ്കിലും സത്യവിശ്വാസത്തോടെയും പ്രതിഫലേച്ഛയോടെയും റമദാനിൽ നിന്നു നമസ്കരിക്കുകയാണെങ്കിൽ അവന്ന് അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പെറുക്കപ്പെട്ടു'.

**നരകമോചനം**

عن أَبِي هريرةَ قَالَ قَالَ رسولُ الله صلى الله علَيه وسلم إِذَا كَانَ أَولُ لَيلَة من شهرِ رمضانَ صفدت الشياطين ومردةُ الْجِن وغُلقَت أَبواب النارِ فَلَم يفْتح منها باب وفُتحت أَبواب الْجنة فَلَم يغلَق منها باب وينادي مناد يا باغي الْخيرِ أَقْبِلْ ويا باغي الشر أَقْصر ولله عتقَاءُ من النارِ وذَلك كُل لَيلَة (سنن الترمذي)

‘റമദാൻ മാസത്തിലെ ആദ്യത്തെ രാത്രി വരുമ്പോൾ പിശാചുക്കളും ധിക്കാരികളായ ജിന്നുകളും ചങ്ങലക്കിടപ്പെടും. നരകകവാടങ്ങൾ കൊട്ടിയടക്കപ്പെടും. അതിൽ നിന്ന് ഒരു വാതിൽപോലും തുറക്കപ്പെടുകയില്ല. സ്വർഗകവാടങ്ങൾ തുറക്കപ്പെടും. അതിൽ നിന്ന് ഒരു വാതിൽ പോലും അടക്കപ്പെടുകയില്ല. ഒരു വിളിച്ചു പറയുന്നവൻ വിളിച്ചു പറയും: നന്മ തേടുന്നവരേ, മുന്നോട്ടു വരിക. തിന്മ തേടുന്നവരേ നിറുത്തുക. നരകത്തിൽ നിന്ന് മോചനം കിട്ടുന്ന ചിലർ അല്ലാഹുവിന്നുണ്ട്. അങ്ങനെ (റമദാനിലെ) എല്ലാ രാത്രിയുമുണ്ടാകും’.

عن أَبِي سعيد الْخدرِي رضي الله عنه قَالَ قَالَ رسولُ الله صلى الله علَيه وسلم ما من عبد يصوم يوما في سبِيلِ الله إِلا باعد الله بِذَلك الْيومِ وجهه عن النارِ سبعين خرِيفًا (صحيح مسلم)

‘ഒരടിമയും അല്ലാഹുവിന്റെ മാർഗത്തിൽ നോമ്പനുഷ്ഠിക്കുന്നില്ല, അതു മുഖേന അല്ലാഹു അവന്റെ മുഖം നരകത്തിൽ നിന്ന് എഴുപതു വസന്തം (വർഷം) അകറ്റിയിട്ടല്ലാതെ’.

**ലൈലത്തുൽ ഖ്വദ്ർ**

ആയിരം മാസത്തേക്കാൾ പുണ്യമുള്ള ലൈലത്തുൽ ഖ്വദ്ർ എന്ന പുണ്യരാത്രി ഉൾക്കൊള്ളുന്ന മാസമാണ് റമദാൻ. ലൈലത്തുൽ ഖ്വദ്റിലെ രാത്രി നമസ്കാരത്തിന് പ്രത്യേകപുണ്യമുണ്ടെന്ന് നബി(ﷺ) പഠിപ്പിച്ചു. ലൈലത്തുൽ ഖ്വദ്ർ പ്രതീക്ഷിക്കേണ്ട അവസാനത്തെ പത്തിൽ നബി(ﷺ) പ്രത്യേകം ഇബാദത്തുകൾക്കായി ഒരുങ്ങുകയും കുടുംബത്തെ ഉണർത്തുകയും ചെയ്യാറുണ്ടായിരുന്നു.

عن عائشةَ رضي الله عنها قَالَت كَانَ رسولُ الله صلى الله علَيه وسلم إِذَا دخلَ الْعشر أَحيا الليلَ وأَيقَظَ أَهلَه وجد وشد الْمئْزر (صحيح مسلم)

‘ആയിശാ( g )യിൽ നിന്നു നിവേദനം: (റമദാനിലെ അവസാന) പത്ത് സമാഗതമായാൽ റസൂലുല്ലാഹി(ﷺ) രാത്രിയെ ജീവിപ്പിക്കുകയും തന്റെ കുടുംബത്തെ വിളിച്ചുണർത്തുകയും അര മുറുക്കുകയും ചെയ്യാറുണ്ടായിരുന്നു’.

ലൈലത്തുൽഖ്വദ്ർ പ്രതീക്ഷിക്കുന്ന ദിവസം പ്രത്യേകമായി ചൊല്ലേണ്ട പ്രാർത്ഥനയും നബി(ﷺ) പഠിപ്പിച്ചിട്ടുണ്ട്.

قَالَت عائشةُ يا نبِي الله أَرأَيت إِنْ وافَقْت لَيلَةَ الْقَدرِ ما أَقُولُ قَالَ تقُولين: "اللهم إِنك عفُو تحب الْعفْو فَاعف عني" (مسند أحمد)

‘അല്ലാഹുവേ നീ വിട്ടുവീഴ്ച കാണിക്കുന്നവനാണ്. നീ വിട്ടുവീഴ്ച ഇഷ്ടപ്പെടുന്നു. നീ എന്നോടു വിട്ടുവീഴ്ച കാണിക്കേണമേ’

**റമദാനിലെ ഉംറ**

عن ابنِ عباسٍ رضي الله عنهما فَإِن عمرةً في رمضانَ تقْضي حجةً معي ( وفي رواية: عمرةٌ في رمضانَ تعدلُ حجةً) (صحيح البخاري)

'നിശ്ചയം, റമദാനിലെ ഉംറ എന്റെ കൂടെയുള്ള ഹജ്ജിനു തുല്യമാകും'.

**മാസപ്പിറവിയുടെ ദർശനം**

നോമ്പ് നോൽക്കുന്നതും നോമ്പു മുറിക്കുന്നതും മാസപ്പിറവിയുടെ അടിസ്ഥാനത്തിലായിരിക്കണമെന്ന് നബി(ﷺ) നിഷ്കർഷിച്ചിട്ടുണ്ട്.

عن أَبِي هريرةَ رضي الله عنه أن النبِي صلى الله علَيه وسلم قَالَ صوموا لرؤيته وأَفْطروا لرؤيته فَإِنْ غُمي علَيكُم فَأَكْملُوا الْعدد (صحيح مسلم)

'(മാസപ്പിറവിയുടെ) കാഴ്ചയനുസരിച്ച് നിങ്ങൾ നോമ്പു നോൽക്കുവിൻ. അതിന്റെ കാഴ്ചയനുസരിച്ച് മുറിക്കുകയും ചെയ്യുവിൻ. നിങ്ങൾക്കത് മേഘാവൃതമായാൽ അപ്പോൾ നിങ്ങൾ എണ്ണം പൂർത്തിയാക്കുവിൻ'.

സംശയത്തിന്റെ ദിവസത്തിൽ നോമ്പെടുക്കുന്നതു വിലക്കിയ റസൂൽ(ﷺ) റമദാൻ തുടങ്ങുന്നതിന്റെ ഒന്നോ രണ്ടോ ദിവസം മുമ്പ് നോമ്പ് ആരംഭിക്കുന്നതും വിലക്കിയിട്ടുണ്ട്. തിങ്കൾ, വ്യാഴം പോലെ പതിവു സുന്നത്തു നോമ്പുകൾ വിരോധമില്ലെന്നു മാത്രം. അമ്മാർ(رضي الله عنه) പറഞ്ഞു:

من صام الْيوم الذي يشك فيه الناس فَقَد عصى أَبا الْقَاسم صلى الله علَيه وسلم (سنن الترمذي)

'ആരെങ്കിലും സംശയത്തിന്റെ ദിവസം നോമ്പെടുത്താൽ അവൻ അബുൽക്വാസിമിനെ (നബി(ﷺ)യെ) ധിക്കരിച്ചു'.

عن أَبِي هريرةَ رضي الله عنه قَالَ قَالَ رسولُ الله صلى الله علَيه وسلم لَا تقَدموا رمضانَ بِصومِ يومٍ ولَا يومينِ إِلا رجلٌ كَانَ يصوم صوما فَلْيصمه (صحيح مسلم )

നബി(ﷺ) പറഞ്ഞു: 'നിങ്ങൾ ഒന്നോ രണ്ടോ ദിവസത്തെ നോമ്പുമായി റമദാനിനെ മുൻകടക്കരുത്, പതിവായി (സുന്നത്തുനോമ്പുകളിൽ നിന്ന്) അനുഷ്ഠിക്കുന്ന വ്യക്തിയൊഴികെ. അയാൾ നോമ്പനുഷ്ഠിച്ചു കൊള്ളട്ടെ'.

**വിധിയും വിലക്കുകളും**

പ്രഭാതം (ഫജ്ർ) ഉദിച്ചതു മുതൽ സൂര്യാസ്തമയം (മഗ്‌രിബ്) വരെ അന്നപാനീയങ്ങളും ലൈംഗിബന്ധവും ഉപേക്ഷിച്ചു കൊണ്ടുള്ള സവിശേഷമായ ആരാധനയാണ് വ്രതം. റമദാനിൽ ഓരോ മുസ്‌ലിമിനും വ്രതം നിർബന്ധമാണ്. രോഗികൾക്കും യാത്രക്കാർക്കും ഇളവുണ്ട്. അവർ പിന്നീട് നോറ്റു വീട്ടണം.

وكُلُوا واشربوا حتى يتبين لَكُم الْخيطُ الْأَبيض من الْخيط الْأَسود من الْفَجرِ ثُم أَتموا الصيام إِلَى الليلِ

[البقرة/187]

'നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്തു കൊള്ളുക, പുലരിയുടെ വെളുത്ത ഇഴകൾ കറുത്ത ഇഴകളിൽ നിന്ന് തെളിഞ്ഞു കാണുമാറാകുന്നതു വരെ. എന്നിട്ട് രാത്രിയാകും വരെ നിങ്ങൾ വ്രതം പൂർണമായി അനുഷ്ഠിക്കുകയും ചെയ്യുക'

**നിയ്യത്ത്**

عن حفْصةَ عن النبي صلى الله علَيه وسلم قَالَ من لَم يبيت الصيام قَبلَ الْفَجرِ فَلَا صيام لَه (سنن النسائي)

'ആരെങ്കിലും രാത്രിയിൽ തന്നെ നോമ്പു തീരുമാനിച്ചിട്ടില്ലെങ്കിൽ അവന്ന് നോമ്പില്ല. മറ്റൊരു റിപ്പോർട്ടിൽ പ്രഭാതത്തിനു മുമ്പ് എന്നാണുള്ളത്'.

**അത്താഴം**

عن أَنس بن مالك رضي الله عنه قَالَ قَالَ النبِي صلى الله علَيه وسلم تسحروا فَإِن في السحورِ بركَةً (صحيح البخاري)

'അനസ്(ﷺ)വിൽ നിന്ന് നിവേദനം: നബി(ﷺ) പറഞ്ഞു: നിങ്ങൾ അത്താഴം കഴിക്കുവിൻ തീർച്ചയായും അത്താഴത്തിൽ ബറകത്ത് (അനുഗ്രഹം) ഉണ്ട്'.

عن أَبِي سعيد الْخدرِي قَالَ قَالَ رسولُ الله صلى الله علَيه وسلم السحور أَكْلُه بركَةٌ فَلَا تدعوه ولَو أَنْ يجرع أَحدكُم جرعةً من ماءٍ فَإِن الله عز وجل وملَائكَته يصلونَ علَى الْمتسحرِين (مسند أحمد)

അത്താഴം കഴിക്കൽ അനുഗ്രഹമാണ്. അതിനാൽ അതു നിങ്ങൾ ഉപേക്ഷിക്കരുത്, ഒരിറക്ക് വെള്ളം ഇറക്കിക്കൊണ്ടാണെങ്കിലും. നിശ്ചയം അല്ലാഹു അത്താഴം കഴിക്കുന്നവർക്ക് ഗുണം ചൊരിയുന്നു. അവന്റെ മലക്കുകൾ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു.

عن أَنسِ بنِ مالك قَالَ كَانَ النبِي صلى الله علَيه وسلم يفْطر علَى رطَبات قَبلَ أَنْ يصلي فَإِنْ لَم يكُن رطَبات فَتمرات فَإِنْ لَم يكُن تمرات حسا حسوات من ماءٍ (مسند أحمد)

'നബി(ﷺ) നമസ്കരിക്കുന്നതിനു മുമ്പ് ഏതാനും മൂന്തിയ ഈത്തപ്പഴങ്ങൾ (റുത്വബ്) കൊണ്ടാണ് നോമ്പു മുറിച്ചിരുന്നത്. അതില്ലെങ്കിൽ ഏതാനും കാരക്കകൾ കൊണ്ട്. അതുമില്ലെങ്കിൽ ഏതാനും കവിൾ വെള്ളം കൊണ്ട്.'

عن أَنسِ بنِ مالك أَن نبِي الله صلى الله علَيه وسلم وزيد بن ثَابِت تسحرا فَلَما فَرغَا من سحورِهما قَام نبِي الله صلى الله علَيه وسلم إِلَى الصلَاة فَصلى قُلْنا لأَنسٍ كَم كَانَ بين فَراغهما من سحورِهما ودخولهما في الصلَاة قَالَ قَدر ما يقْرأُ الرجلُ خمسِين آيةً (صحيح البخاري)

'അനസ്(ﷺ)വിൽ നിന്ന് നിവേദനം: നബി(ﷺ)യും സൈദുബ്നു ഥാബിതും അത്താഴം കഴിച്ചു. രണ്ടു പേരും അത്താഴത്തിൽ വിരമിച്ചപ്പോൾ നബി(ﷺ) നമസ്കാരത്തിന്നായി എഴുന്നേറ്റു. എന്നിട്ട് നമസ്കരിച്ചു. ഞങ്ങൾ അനസിനോടു ചോദിച്ചു: അവർ രണ്ടാളും അത്താഴത്തിൽ വിരമിച്ചതിനും നമസ്കാരത്തിനായി പ്രവേശിച്ചതിനുമിടയിൽ എത്ര സമയം ഉണ്ടായിരുന്നു? അദ്ദേഹം പറഞ്ഞു: ഒരാൾ അൻപത് ആയത്ത് ഓതുന്നയത്ര സമയം'.

عن أَبِي هريرةَ عن النبِي صلى الله علَيه وسلم قَالَ إِذَا سمع أَحدكُم النداءَ والْإِناءُ علَى يده فَلَا يضعه حتى يقْضي حاجته منه (مسند أحمد)

'നിങ്ങളിലൊരാൾ ഭക്ഷണപാത്രം കൈയിലായിരിക്കെ ബാങ്കു കേട്ടാൽ അതിൽ നിന്ന് തന്റെ ആവശ്യം തീരുന്നതു വരെ പാത്രം താഴെ വെക്കേണ്ടതില്ല'.

**ഇഫ്ത്വാർ (നോമ്പു മുറിക്കൽ)**

عن سهل بن سعد أن رسولَ الله صلى الله عليه وسلم قَالَ لَا يزالُ الناس بِخيرٍ ما عجلُوا الْفطْر (صحيح البخاري)

'ജനങ്ങൾ നോമ്പു മുറിക്കാൻ ധൃതി കാണിക്കുന്നേടത്തോളം നന്മയിലായിരിക്കും'.

عن سلْمانَ بن عامرٍ الضبي قَالَ قَالَ رسولُ الله صلى الله عليه وسلم إِذَا أَفْطَر أَحدكُم فَلْيفْطر على تمرٍ فَإِنْ لَم يجِد فَلْيفْطر علَى ماءٍ فَإِنه طَهور (مسند أحمد)

'നിങ്ങളിലാരെങ്കിലും നോമ്പുമുറിച്ചാൽ അവൻ ഈത്തപ്പഴം കൊണ്ട് നോമ്പു മുറിച്ചു കൊള്ളട്ടെ. അതു കിട്ടിയില്ലെങ്കിൽ വെള്ളം കൊണ്ടു മുറിക്കട്ടെ. തീർച്ചയായും അത് ശുദ്ധമായതാണ്'.

**നോമ്പു മുറിക്കുമ്പോഴുള്ള പ്രാർത്ഥന**

നോമ്പു മുറിക്കുമ്പോൾ നബി(ﷺ) പറയാറുണ്ടായിരുന്നത് ഇങ്ങനെയാണ്:

ذَهب الظمأُ وابتلت الْعروق وثَبت الْأَجر إِنْ شاءَ الله (سنن أبي داود)

'ദാഹം മാറി. നാഡിഞരമ്പുകൾ നനഞ്ഞു. പ്രതിഫലം ഉറച്ചു, ഇൻശാ അല്ലാഹ്'

**യാത്രക്കാരന്റെ നോമ്പ്**

.........فَمن كَانَ منكُم مريضا أَو علَى سفَرٍ فَعدةٌ من أَيامٍ أُخر وعلَى الذين يطيقُونه فديةٌ طَعام مسكينٍ فَمن تطَوع خيرا فَهو خير لَه وأَنْ تصوموا خير لَكُم إِنْ كُنتم تعلَمونَ [البقرة : 184]

'നിങ്ങളിലാരെങ്കിലും രോഗിയാവുകയോ യാത്രയിലാവുകയോ ചെയ്താൽ മറ്റു ദിവസങ്ങളിൽ നിന്ന് അത്രയും എണ്ണം (നോമ്പെടുക്കേണ്ടതാണ്). (ഞെരുങ്ങിക്കൊണ്ടു മാത്രം) അതിനു കഴിയുന്നവർ (പകരമായി) ഒരു പാവപ്പെട്ടവനുള്ള ഭക്ഷണം പ്രായശ്ചിത്തമായി നൽകേണ്ടതാണ്. എന്നാൽ ആരെങ്കിലും സ്വയം സന്നദ്ധനായി കൂടുതൽ നന്മ ചെയ്താൽ അത് അവന്ന് ഗുണമാകുന്നു. നിങ്ങൾ കാര്യം മനസ്സിലാക്കുന്നവരാണെങ്കിൽ നോമ്പനുഷ്ഠിക്കുന്നതാകുന്നു നിങ്ങൾക്കുത്തമം'.

عن حمزةَ بن عمرٍو الْأَسلَمي رضي الله عنه أَنه قَالَ يا رسولَ الله أَجِد بِي قُوةً علَى الصيامِ في السفَرِ فَهلْ علَي جناح فَقَالَ رسولُ الله صلى الله عليه وسلم هي رخصةٌ من الله فَمن أَخذَ بِها فَحسن ومن أَحب أَنْ يصوم فَلَا جناح علَيه (صحيح مسلم )

ഹംസത്തുബ്നു അംറ്(ﷺ)വിൽ നിന്ന് നിവേദനം: അദ്ദേഹം ചോദിച്ചു: 'അല്ലാഹുവിന്റെ റസൂലേ, എനിക്ക് യാത്രയിൽ നോമ്പെടുക്കാൻ ശേഷിയുണ്ട്. (നോമ്പെടുത്താൽ) അത് കുറ്റമാകുമോ?' അപ്പോൾ റസൂൽ(ﷺ) പറഞ്ഞു: 'ഇത് അല്ലാഹുവിൽ നിന്നുള്ള ഒരു ഇളവാണ്. അത് സ്വീകരിക്കലാണ് നല്ലത്. ഒരാൾ നോമ്പെടുക്കാൻ താൽപര്യം കാണിക്കുകയാണെങ്കിൽ കുറ്റമൊന്നുമില്ല'.

വാർദ്ധക്യത്തിന്റെ അവശതയോ മാറാരോഗങ്ങളോ കാരണമായി നോമ്പ് ഉപേക്ഷിക്കുന്നവർ നോമ്പ് നോറ്റുവീട്ടണമെന്നില്ല. ഓരോ നോമ്പിനും പകരം ഒരു അഗതിക്ക് ഒരു നേരത്തെ ഭക്ഷണം നൽകിയാൽ മതി.

**മറവിയും ഛർദ്ദിലും**

عن أبي هريرةَ قَالَ قَالَ رسولُ الله صلى الله عليه وسلم من ذَرعه الْقَيءُ فَلَيس عليه قَضاءٌ ومن استقَاءَ فَلْيقْض (مسند أحمد)

‘ആരെങ്കിലും ഛർദ്ദിച്ചു പോയാൽ അയാൾക്ക് ക്വദാഅ്(വീട്ടൽ) ഇല്ല. ആരെങ്കിലും മനപ്പൂർവം ഛർദ്ദിച്ചാൽ അയാൾ വീട്ടിക്കൊള്ളട്ടെ’.

عن أبي هريرةَ رضي الله عنه قَالَ قَالَ رسولُ الله صلى الله عليه وسلم من نسِي وهو صائم فَأكَلَ أو شرب فَلْيتم صومه فَإنما أطْعمه الله وسقَاه (صحيح مسلم)

‘ആരെങ്കിലും നോമ്പുകാരനായിരിക്കെ മറന്നു കൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്താൽ അവൻ തന്റെ നോമ്പു പൂർത്തിയാക്കിക്കൊള്ളട്ടെ. തീർച്ചയായും അല്ലാഹുവാണ് അവനെ തീറ്റിക്കുകയും കുടിപ്പിക്കുകയും ചെയ്തത്’.

**ഭാര്യമാരുമായി സല്ലാപം**

عن عائشةَ رضي الله عنها قَالَت كَانَ رسولُ الله صلى الله عليه وسلم يقَبلُ وهو صائم ويباشر وهو صائم ولَكنه أملَكُكُم لإربِه (صحيح مسلم)

‘ആയിശാ( g ) റിപ്പോർട്ടു ചെയ്യുന്നു: റസൂലുല്ലാഹി(ﷺ) നോമ്പുകാരനായിരിക്കെ (ഭാര്യമാരെ) ചുംബിക്കാറുണ്ടായിരുന്നു. നോമ്പുകാരനായിരിക്കെ അവരെ ആലിംഗനം ചെയ്യുകയും ചെയ്യാറുണ്ട്. പക്ഷേ അദ്ദേഹം നിങ്ങളേക്കാൾ വികാരം നിയന്ത്രിക്കാൻ കഴിവുള്ള വ്യക്തിയാണ്’. ഒരിക്കൽ രണ്ടു പേർ ഭാര്യമാരെ നോമ്പുകാലത്ത് ചുംബിക്കാൻ അനുവാദം ചോദിച്ചപ്പോൾ ഒരാൾക്ക് നബി(ﷺ) അനുവാദം നൽകുകയും ഒരാൾക്ക് അനുവാദം നൽകാതിരിക്കുകയും ചെയ്തു. അനുവാദം നൽകിയത് ഒരു വൃദ്ധന്നും അനുവാദം നൽകാതിരുന്നത് ഒരു യുവാവിന്നുമായിരുന്നു.

**ജനാബത്തുകാരനായിരിക്കെ സ്വുബ്ഹ് ആയാൽ**

عن أم سلَمةَ أن رسولَ الله صلى الله عليه وسلم كَانَ يدرِكُه الْفَجر وهو جنب من أهله ثُم يغتسِلُ ويصوم (صحيح البخاري)

ഉമ്മുസലമ( g )യിൽ നിന്ന്: ‘തീർച്ചയായും നബി(ﷺ) ജനാബത്തുകാരനായിരിക്കെ സ്വുബ്ഹ് ആകാറുണ്ടായിരുന്നു. എന്നിട്ട് കുളിക്കുകയും നോമ്പു നോൽക്കുകയും ചെയ്യാറുണ്ട്’.

**ഇഅ്ത്തികാഫ്**

നബി(ﷺ) അവസാനത്തെ പത്തു ദിവസങ്ങളിലും ഇഅ്ത്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പത്നിമാരും ഇഅ്തികാഫ് ഇരിക്കാറുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണശേഷവും പത്നിമാർ അവസാന പത്തിൽ പള്ളിയിൽ ഇഅ്തികാഫ് ഇരുന്നിരുന്നു. മരണപ്പെട്ട വർഷം നബി(ﷺ) ഇരുപതു ദിവസം ഇഅ്തികാഫ് ഇരുന്നിരുന്നു.

عن عائشةَ رضي الله عنها زوج النبِي صلى الله عليه وسلم أن النبِي صلى الله عليه وسلم كَانَ يعتكف الْعشر الْأواخر من رمضانَ حتى توفاه الله ثُم اعتكَف أزواجه من بعده (صحيح البخاري)

‘നബി(ﷺ)യുടെ പത്നിയായ ആയിശാ(റ)വിൽ നിന്ന് നിവേദനം: റമദാനിൽ നിന്നുള്ള അവസാനപത്തിൽ നബി(ﷺ) അദ്ദേഹത്തെ അല്ലാഹു മരിപ്പിക്കുന്നതു വരെ ഇഅ്തികാഫ്

ഇരിക്കാറുണ്ടായിരുന്നു. പിന്നീട് അദ്ദേഹത്തിന്റെ കാലശേഷം അദ്ദേഹത്തിന്റെ പത്നിമാരും ഇഅ്തികാഫ് ഇരുന്നിരുന്നു'.

**തറാവീഹ്**

ക്വിയാമുല്ലൈല്‍ എന്നറിയപ്പെടുന്ന രാത്രിയിലെ നമസ്കാരം റമദാനില്‍ പ്രത്യേകം പ്രതിഫലാര്‍ഹമാണ്. മാത്രമല്ല, റമദാനില്‍ അത് ജമാഅത്തായി നിര്‍വഹിക്കുന്നത് ഏറെ പുണ്യമുള്ളതാണ്.

إن الرجلَ إِذَا صلى مع الْإِمامِ حتى ينصرِف حسِب له قيام لَيلَة (سنن أبي داود)

'തീര്‍ച്ചയായും ഒരാള്‍ ഇമാമിനൊപ്പം അദ്ദേഹം പിരിയുന്നതു വരെ നമസ്കരിച്ചാല്‍ രാത്രി മുഴുവന്‍ നിന്നു നമസ്കരിച്ച പ്രതിഫലം അവന്ന് നല്‍കപ്പെടും'.

റമദാനിലാകട്ടെ, അല്ലാത്ത കാലത്താകട്ടെ ക്വിയാമുല്ലൈല്‍ ഒറ്റയായി നിര്‍വഹിക്കാനാണ് നബി(ﷺ) പഠിപ്പിച്ചത്. എന്നാല്‍ പതിനൊന്നു റക്അത്തില്‍ വര്‍ദ്ധിപ്പിക്കാനും പാടില്ല. ഇരുപത്തിമൂന്നോ മറ്റോ നമസ്കരിച്ചതായി ഉദ്ധരിക്കപ്പെട്ട മുഴുവന്‍ റിപ്പോര്‍ട്ടുകളും ദുര്‍ബലമാണ്.

عن أَبِي سلَمةَ بنِ عبد الرحمنِ أَنه سأَلَ عائشةَ رضي الله عنها كَيف كَانت صلَاةُ رسولِ الله صلى الله علَيه وسلم في رمضانَ قَالَت ما كَانَ يزِيد في رمضانَ ولَا في غَيرِه علَى إِحدى عشرةَ ركْعةً (صحيح البخاري)

'അബൂസലമത്തുബ്നു അബ്ദിറഹ്മാന്‍ ആയിശാ( g )യോടു ചോദിച്ചു: നബി(ﷺ)യുടെ റമദാനിലെ നമസ്കാരം എങ്ങനെയായിരുന്നു? അവര്‍ പറഞ്ഞു: അദ്ദേഹം റമദാനിലാകട്ടെ, അല്ലാത്ത കാലത്താകട്ടെ പതിനൊന്നു റക്അത്തില്‍ വര്‍ദ്ധിപ്പിച്ചിരുന്നില്ല'.

**ക്വുര്‍ആന്‍ പരായണത്തിന്റെ പ്രാധാന്യം**

വിശുദ്ധക്വുര്‍ആനിന്റെ പാരായണവും പഠനവും മറ്റേതു കാലത്തേക്കാളുമേറെ റമദാനില്‍ നാം ശ്രദ്ധിക്കണം. ദീര്‍ഘമായി ക്വുര്‍ആന്‍ പാരായണം ചെയ്തുകൊണ്ടുള്ള രാത്രിനമസ്കാരം റമദാനില്‍ പ്രത്യേകം പ്രതിഫലാര്‍ഹമാണു താനും. നോമ്പും ക്വുര്‍ആനും സത്യവിശ്വാസികള്‍ക്ക് പരലോകത്ത് ശുപാര്‍ശകരായി വരുമ്പോള്‍ നമുക്കും അതിനുള്ള സൗഭാഗ്യം ഉണ്ടായിരിക്കണം എന്നത് മറക്കാതിരിക്കുക.

عن عبد الله بنِ عمرٍو أَن رسولَ الله صلى الله علَيه وسلم قَالَ الصيام والْقُرآنُ يشفَعانِ للْعبد يوم الْقيامة يقُولُ الصيام أَي رب منعته الطعام والشهوات بِالنهارِ فَشفعنِي فيه ويقُولُ الْقُرآنُ منعته النوم بِاللَّيلِ فَشفعنِي فيه قَالَ فَيشفعان (مسند أحمد)

നോമ്പും ക്വുര്‍ആനും അടിമക്ക് അന്തിമനാളില്‍ ശുപാര്‍ശ ചെയ്യും. നോമ്പു പറയും: 'എന്റെ രക്ഷിതാവേ, അവന്ന് പകല്‍സമയത്ത് ഭക്ഷണവും ആഗ്രഹങ്ങളും തടഞ്ഞു വെച്ചത്. അതിനാല്‍ ഇവന്റെ കാര്യത്തില്‍ (സ്വര്‍ഗം നല്‍കണമെന്ന) എന്റെ ശുപാര്‍ശ നീ സ്വീകരിക്കേണമേ'. ക്വുര്‍ആന്‍ പറയും: 'രാത്രി ഇവന്റെ ഉറക്കം തടഞ്ഞത് ഞാനാണ്. അതിനാല്‍ ഇവന്റെ കാര്യത്തില്‍ (സ്വര്‍ഗം നല്‍കണമെന്ന) എന്റെ ശുപാര്‍ശ നീ സ്വീകരിക്കേണമേ'. അങ്ങനെ ആ രണ്ടു ശുപാര്‍ശകളും സ്വീകരിക്കപ്പെടും.

**ദാനധര്‍മങ്ങള്‍**

റമദാനിലെ ദാനധര്‍മങ്ങളും പ്രത്യേകം പ്രതിഫലാര്‍ഹമാണ്.

عن علي قَالَ قَالَ النبي صلى الله عليه وسلم إن في الْجنة غُرَفًا ترى ظُهورها من بطُونِها وبطُونها من ظُهورِها فَقَام أعرابِي فَقَالَ لمن هي يا رسولَ الله قَالَ لمن أَطَاب الْكَلَام وأَطْعم الطعام وأدام الصيام وصلى لله بِالليلِ والناس نِيام (سنن الترمذي)

നബി(ﷺ) പറഞ്ഞു: 'നിശ്ചയം സ്വർഗത്തിൽ ചില മുറികളുണ്ട്. അതിന്റെ പുറംഭാഗം അകത്തു നിന്നും അകംഭാഗം പുറത്തുനിന്നും കാണാൻ കഴിയും'. അപ്പോൾ ഒരു അഅ്റാബി എഴുന്നേറ്റു നിന്നു ചോദിച്ചു: 'ആർക്കാണ് അല്ലാഹുവിന്റെ റസൂലേ'? അദ്ദേഹം പറഞ്ഞു: 'സംസാരം നന്നാക്കുകയും ഭക്ഷണം ഭക്ഷിപ്പിക്കുകയും നോമ്പു പതിവാക്കുകയും ജനങ്ങൾ ഉറങ്ങുമ്പോൾ രാത്രി എഴുന്നേറ്റു നമസ്കരിക്കുകയും ചെയ്യുന്നവർക്ക്'.

عن ابنِ عباسٍ قَالَ كَانَ رسولُ الله صلى الله عليه وسلم أجود الناسِ وكَانَ أجود ما يكُونُ في رمضانَ حين يلْقَاه جبرِيلُ وكَانَ يلْقَاه في كُل لَيلَة من رمضانَ فَيدارِسه الْقُرآنَ فَلَرسولُ الله صلى الله عليه وسلم أجود بِالْخيرِ من الريحِ الْمرسلَة (صحيح البخاري)

'റസൂലുല്ലാഹി(ﷺ) ജനങ്ങളിൽ വച്ച് ഏറ്റവും ഔദാര്യവാനാണ്. റമദാനിൽ ജിബ്രീൽ അദ്ദേഹത്തെ കണ്ടുമുട്ടുമ്പോഴാണ് അദ്ദേഹം ഏറ്റവും കൂടുതൽ ഔദാര്യവാനാകുന്നത്. എല്ലാ രാത്രിയും (ജിബ്രീൽ) അദ്ദേഹത്തെ കാണുകയും ഖുർആൻ ചൊല്ലിക്കേൾക്കുകയും ചെയ്യും. അപ്പോൾ റസൂലുല്ലാഹി(ﷺ) അടിച്ചുവീശുന്ന കാറ്റിനേക്കാൾ ഔദാര്യവാനാകാറുണ്ട്'.

**പൊതുവായ ചില കാര്യങ്ങൾ**

- അതിരു കവിയാത്തവിധം മൂക്കിൽ വെള്ളം കയറ്റിച്ചീറ്റുന്നതിനും വായ് കൊപ്ലിക്കുന്നതിനും വിരോധമില്ല
- റമദാനിന്റെ പകലിലാണെങ്കിലും പല്ലു തേക്കൽ സുന്നത്താണ്. കഴിയുമെങ്കിൽ ഓരോ വുദൂഇന്നു മുമ്പും അതു നിർവഹിക്കൽ പ്രത്യേകം സുന്നത്താണ്.
- സുറുമയെഴുതുന്നതോ കണ്ണ്, മൂക്ക്, ചെവി എന്നിവയിൽ മരുന്ന് ഉറ്റിക്കുന്നതോ മൂലം നോമ്പു മുറിയുകയില്ല.
- കുളിക്കുന്നതോ ചൂടിൽ നിന്ന് ആശ്വാസം കിട്ടാൻ തലയിൽ വെള്ളമൊഴിക്കുന്നതോ ശരീരത്തിൽ നനഞ്ഞ മുണ്ടിടുന്നതോ നോമ്പിനെ ബാധിക്കുകയില്ല. സ്വഹാബികളും താബിഉകളുമൊക്കെ അപ്രകാരം ചെയ്തിരുന്നു.
- തൊണ്ടയിലേക്കെത്തുകയില്ലെന്ന് ഉറപ്പുവരുത്തി പാചകം ചെയ്ത ഭക്ഷണത്തിന്റെ രുചി പരിശോധിക്കുന്നതിനു കുഴപ്പമില്ല.
- നോമ്പിനു കോട്ടം തട്ടാത്ത വിധത്തിൽ രക്തമെടുത്താലും പോഷണത്തിനു വേണ്ടിയല്ലാത്ത ഇഞ്ചക്ഷൻ ചെയ്താലും നോമ്പു മുറിയുകയില്ല. എന്നാൽ പോഷണത്തിനുള്ള ഗ്ളൂക്കോസ് പോലുള്ളവ കയറ്റിയാലും രക്തം കയറ്റിയാലും നോമ്പു മുറിയും.
- മുറിവുകളിൽ നിന്നോ വായിൽ നിന്നോ മൂക്കിൽ നിന്നോ രക്തം വന്നതു കൊണ്ട് നോമ്പ് മുറിയുകയില്ല.
- ഉമിനീർ വിഴുങ്ങിപ്പോകുന്നതോ പുക ശ്വസിക്കുന്നതോ നിമിത്തം നോമ്പ് ദുർബല മാകുകയില്ല.
- സുഗന്ധം നുകരുന്നതും നോമ്പിന് തടസ്സമല്ല.
- സ്വപ്നസ്ഖലനം മൂലം നോമ്പു മുറിയുകയില്ല. എന്നാൽ ചുംബനമോ മറ്റോ കാരണമായി മന:പൂർവമുള്ള പ്രവർത്തനങ്ങളിലൂടെ സ്ഖലനം സംഭവിച്ചാൽ നോമ്പു മുറിയും.
- ആർത്തവരക്തമോ പ്രസവരക്തമോ ഉള്ളവർ നോമ്പനുഷ്ഠിക്കാൻ പാടില്ല. അവർ പിന്നീടു നോറ്റു വീട്ടണം.

- ഗർഭിണികളും മുലയൂട്ടുന്നവരും ആരോഗ്യത്തെ ബാധിക്കുമെന്നുണ്ടെങ്കിൽ നോമ്പു പിന്നീട് നോറ്റു വീട്ടിയാൽ മതിയാകും.

**പാഴാകാതെ സൂക്ഷിക്കുക**

കർമം ചെയ്യുന്നതു പോലെ പ്രധാനമാണ് അവ പാഴാകാതെ സൂക്ഷിക്കുന്നതും. ഉദ്ദേശ്യശുദ്ധിയും ആത്മാർത്ഥതയും ഇല്ലാത്തതു മൂലം നോമ്പ് വെറും പട്ടിണി മാത്രമായി അവശേഷിക്കുകയും രാത്രിനമസ്കാരം വെറും ഉറക്കമിളക്കൽ മാത്രമായി മാറുകയും ചെയ്യുന്നതിനെക്കുറിച്ച് നബി(ﷺ) താക്കീതു നൽകിയിട്ടുണ്ട്. അദ്ദേഹം പറഞ്ഞു:

عن أَبِي هريرةَ قَالَ قَالَ رسولُ الله صلى الله عليه وسلم كَم من صائمٍ لَيس لَه من صيامه إلا الْجوع وكَم من قَائمٍ لَيس لَه من قيامه إلا السهر (مسند أحمد)

'തന്റെ നോമ്പിൽ നിന്ന് വിശപ്പല്ലാതെ മറ്റൊന്നും ബാക്കിയാകാത്ത എത്ര നോമ്പുകാരുണ്ട്! തന്റെ രാത്രി മസ്കാരത്തിൽ നിന്ന് ഉറക്കമൊഴിച്ചതു മാത്രം മിച്ചം വരുന്ന എത്ര രാത്രിനമസ്കാരക്കാരുണ്ട്!'

നോക്കൂ, റമദാനിൽ പോലും ഭക്ഷണകാര്യത്തിൽ നിയന്ത്രണങ്ങൾ ശീലിക്കാൻ കഴിയാത്തവർ എത്ര! ആർത്തിയും ധൂർത്തുമൊക്കെ ഇല്ലാതാക്കാൻ സഹായിക്കേണ്ട റമദാൻ തന്നെ പലരെയും ആർത്തിയിലും ആർഭാടത്തിലും വീഴ്ത്തുന്നത് എത്ര ആക്ഷേപാർഹമാണ്! റമദാനിലെ ഏറ്റവും പുണ്യപൂർണമായ അവസാനനാളുകളിൽ ഷോപ്പിംഗും മറ്റും തകൃതി! ഇബാദത്തുകളിൽ സജീവരാകാൻ പലർക്കും കഴിയുന്നില്ല. ഈ അവസ്ഥക്ക് തീർച്ചയായും മാറ്റം വരണം. റമദാനിലെ പുണ്യങ്ങൾ റമദാനിൽ മാത്രം സ്വായത്തമാക്കാൻ കഴിയുന്നതാണ്.
അനാവശ്യവർത്തമാനങ്ങളും ദുഷ്പ്രവർത്തനങ്ങളും നോമ്പ് പാഴാക്കിക്കളയുമെന്ന് നബി(ﷺ) പഠിപ്പിച്ചിട്ടുണ്ട്. വിനോദവും നേരമ്പോക്കുമായി റമദാനിലെ തള്ളി നീക്കുന്നവർ അത്തരം ഏർപ്പാടുകളിൽ നിന്നു വിട്ടു നിൽക്കണം.

عن أَبِي هريرةَ رضي الله عنه قَالَ قَالَ رسولُ الله صلى الله عليه وسلم من لَم يدع قَولَ الزورِ والْعملَ بِه فَلَيس لله حاجةٌ في أَنْ يدع طَعامه وشرابه (صحيح البخاري)

നബി(ﷺ) പറഞ്ഞു: 'ആരെങ്കിലും അനാവശ്യവർത്തമാനങ്ങളും അത്തരം പ്രവർത്തനങ്ങളും വർജ്ജിക്കുന്നില്ലെങ്കിൽ അയാൾ തന്റെ ഭക്ഷണമോ പാനീയമോ വർജ്ജിക്കേണ്ട ആവശ്യം അല്ലാഹുവിന്നില്ല'

പാപമോചനത്തിനു പ്രാധാന്യം കൽപിച്ചു കൊണ്ടല്ലാതെ അതിന്റെ അവസാനനിമിഷങ്ങൾ വരെ നമ്മിലൂടെ കടന്നുപോകാൻ പാടില്ല. നബി(ﷺ) പറഞ്ഞു:

ورغم أَنف رجلٍ دخلَ عليه رمضانُ ثُم انسلَخ قَبلَ أَنْ يغفَر لَه (سنن الترمذي)

'റമദാൻ ആഗതമാകുകയും എന്നിട്ടും പാപമോചനം കിട്ടാതെ (റമദാൻ) കഴിഞ്ഞു പോവുകയും ചെയ്തവൻ തുലഞ്ഞു പോകട്ടെ'.

**ഈദുൽഫിത്റും ഫിത്ർ സകാത്തും**

റമദാനിനു സമാപനം കുറിച്ചു കൊണ്ടു കടന്നുവരുന്ന ഈദുൽഫിത്വറിനേയും അതിന്റെ പവിത്രതയോടെ തന്നെ നാം വരവേൽക്കണം. രണ്ടു പെരുന്നാളുകൾ അല്ലാതെ മൂന്നാമതൊരഘോഷം സത്യവിശ്വാസിക്ക് അനുവദിക്കപ്പെട്ടിട്ടില്ല. രണ്ടാമത്തേത് ബലിപെരുന്നാൾ. പെരുന്നാൾ ദിവസത്തിൽ ഹറാമായതൊന്നും അനുവദിക്കപ്പെട്ടിട്ടില്ല. ഇസ്ലാം നിഷിദ്ധമാക്കിയ സംഗീതവും മറ്റു അധർമവൃത്തികളും അവിശ്വാസികളുടെ അതിരുവിട്ട ആഘോഷങ്ങളുമമൊന്നും നമ്മിൽ നിന്ന് പെരുന്നാൾ ദിനത്തിലും ഉണ്ടായിക്കൂടാ.

റമദാനിലൂടെ നേടിയ വിശുദ്ധിയും നന്മയും പെരുന്നാൾ ദിനത്തിൽ തന്നെ കളഞ്ഞുകുളിക്കുന്ന ദുർഗതിയിൽ നാം അകപ്പെടരുത്.

നല്ല വസ്ത്രങ്ങൾ ധരിക്കുകയും ധാരാളമായി തക്ബീറുകൾ ഉയർത്തുകയും ആബാലവൃദ്ധം ജനങ്ങളും ഈദ്ഗാഹിൽ സംബന്ധിച്ച് പെരുന്നാൾ നമസ്കാരം നിർവഹിക്കുകയും ഖുത്വുബ ശ്രദ്ധിക്കുകയും സ്വദക്വ നൽകുകയും പരസ്പരം പ്രാർത്ഥിക്കുകയും അയൽക്കാരേയും ബന്ധുക്കളേയുമൊക്കെ സന്ദർശിക്കുകയും ചെയ്തു കൊണ്ടാണ് ഈദിനെ ചൈതന്യവത്താക്കേണ്ടത്. ഈദ് ഗാഹിൽ വരുന്നതിനു മുമ്പു തന്നെ തലേ ദിവസങ്ങളിലായി വീട്ടിലെ ചെറിയ കുട്ടികളടക്കം ഓരോ അംഗത്തിന്റെ പേരിലും ഫിത്വ്ർ സകാത്ത് കൊടുത്തു എന്നുറപ്പുവരുത്തണം. ഫിത്ത്വ്ർ സകാത്ത് നോമ്പുകാരനു ശുദ്ധിയും അഗതിക്ക് ഭക്ഷണവുമാണെന്ന് നബി(ﷺ) പഠിപ്പിച്ചിട്ടുണ്ട്.

റമദാനിനെ വരുതിയിലാക്കുകയും പാപമോചനം നേടുകയും റയ്യാൻ എന്ന നോമ്പുകാർക്കുള്ള സവിശേഷമായ കവാടത്തിലൂടെ സ്വർഗത്തിൽ പ്രവേശിക്കുകയും ചെയ്യുന്ന യഥാർത്ഥ നോമ്പുകാരിൽ ഉൾപ്പെടാൻ സർവശക്തനായ അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

قَد أَفْلَح من تزكى  وذَكَر اسم ربه فَصلى (الأعلى/14، 15)

‘തീർച്ചയായും പരിശുദ്ധി നേടുകയും തന്റെ രക്ഷിതാവിന്റെ നാമം സ്മരിക്കുകയും എന്നിട്ടു നമസ്കരിക്കുകയും ചെയ്തവൻ വിജയം പ്രാപിച്ചു’.